©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2024 ഡിസംബർ 28<br>28th December 2024<br>1200 ധനു 13<br>13th Dhanu 1200<br>1946 പൌഷം 7<br>7th Pousha 1946 | നമ്പർ<br>No. | 4108 |
|---|---|---|---|---|

**കേരള സർക്കാർ**

വനം-വന്യജീവി (ഇ) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 20/2024/വനം

*തിരുവനന്തപുരം, തീയതി, 2024 നവംബർ 24,*
*1200 വൃശ്ചികം 9,*
*1946 അഗ്രഹായനം 3.*

**എസ്. ആർ. ഒ. നമ്പർ 1195/2024**

1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിലെ (1986 ലെ 35) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ താഴെ പട്ടികയിൽ പറയുന്ന പ്രദേശത്ത് നിൽക്കുന്ന യാതൊരു വൃക്ഷവും,-

(എ) ആ വൃക്ഷം ജീവനോ സ്വത്തിനോ അപകടകാരിയാണെന്നോ അല്ലെങ്കിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബി) ആ വൃക്ഷം ഉണങ്ങിയതോ കേടുവന്നതോ അഥവാ കാറ്റടിച്ച് വീണതോ ആണെന്നോ ഉള്ള കാരണങ്ങളിന്മേലല്ലാതെ, മുറിക്കുകയോ, പിഴുതെടുക്കുകയോ, കത്തിച്ചു കളയുകയോ,മറ്റു വിധത്തിൽ നശിപ്പിക്കുകയോ ചെയ്യാൻ പാടില്ലെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

പട്ടിക

| ഒ.എ നമ്പറും ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ പേരും | ഫോറസ്റ്റ് ഡിവിഷന്റെ പേര് | ഫോറസ്റ്റ് റെയിഞ്ചിന്റെ പേര് | റവന്യൂ ജില്ലയുടെ പേര് | താലൂക്കിന്റെ പേര് | വില്ലേജിന്റെ പേര് | പ്രദേശം | സർവ്വേ നമ്പർ | വിസ്തീർണ്ണം (ഹെക്ടറിൽ) | അതിരുകൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | വടക്ക് | കിഴക്ക് | തെക്ക് | പടിഞ്ഞാറ് |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| ഒ.എ. നമ്പർ 1108/1974 ഫോറസ്റ്റ് ട്രൈബ്യൂണൽ, പാലക്കാട് | പാലക്കാട് | ഒലവക്കോട് | പാലക്കാട് | പാലക്കാട് | പുതുപ്പരിയാരം- 1 | അരുമണിക്കാട് | 187/3pt | 0.9134 ഹെക്ടർ | നിക്ഷിപ്തവനം | നിക്ഷിപ്തവനം | നിക്ഷിപ്തവനം | നിക്ഷിപ്തവനം |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ ആർ ജ്യോതിലാൽ,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

വിജ്ഞാപനത്തിന്റെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പാലക്കാട് ഫോറസ്റ്റ് ഡിവിഷനിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലം നിക്ഷിപ്ത വനത്തിന്റെ ഭാഗവും പാലക്കാട് ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ ഒ.എ 1108/1974- ാം നമ്പർ കേസിൽ ഉൾപ്പെട്ടതുമാണ്. ഒ.എ. നമ്പർ 1108/1974-ൽ പരാതിക്കാരന് പ്രസ്തുത സ്ഥലം തിരികെ ലഭ്യമാക്കുവാൻ ഉത്തരവായിട്ടുള്ളതാണ്. അപ്രകാരം ഭൂമി തിരികെ നൽകുമ്പോൾ, അവിടെയുള്ള വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിന് സാധ്യതയുള്ളതിനാലും അത് അവിടത്തെ മണ്ണ് സംരക്ഷിക്കുന്നതിനെയും ഈർപ്പം നിലനിർത്തുന്നതിനെയും ബാധിക്കുമെന്നതിനാലും, പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രസ്തുത പ്രദേശം 1986 -ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിലെ (1986-ലെ 35) 5- ാം വകുപ്പിന്റെ പരിധിയിൽ കൊണ്ടുവന്ന് ആ പ്രദേശത്തെ വൃക്ഷസമ്പത്ത് സംരക്ഷിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## **Forest and Wildlife (E) Department**

## NOTIFICATION

G. O. (P) No. 20/2024/F&WLD *Dated, Thiruvananthapuram 24th November 2024,*

**S. R. O. No. 1195/2024**

*9th Vrischikam 1200,*

*3rd Agrahayana 1946.*

In exercise of the powers conferred by sub-section (1) of section 5 of the Kerala Preservation of Trees Act, 1986 (35 of 1986), the Government of Kerala hereby direct that no tree standing in the area specified in the Schedule below, shall be cut, uprooted, burnt or otherwise destroyed except on the ground that,-

(a) the tree constitutes a danger to life or property or

(b) the tree is dead, diseased or wind-fallen.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

SCHEDULE

| *OA Number and Name of Forest Tribunal* | *Name of Forest Division* | *Name of Forest Range* | *Name of Revenue District* | *Name of Taluk* | *Name of Village* | *Locality* | *Survey No* | *Extent ( in Hectares)* | *Boundaries* | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | *North* | *East* | *South* | *West* |
| (1) | (2) | (3 ) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| OA No. 1108/1974 Forest Tribunal, Palakkad | Palakkad | Olavakkode | Palakkad | Palakkad | Pudupariyaram-1 | Arumanikadu | 187/3pt | 0.9134 Ha | Vested Forest | Vested Forest | Vested Forest | Vested Forest |

By order of the Governor,

K R JYOTHILAL,

*Additional Chief Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The area specified in the Schedule to the notification comprised in Forest Division, Palakkad is involved in the case of O. A. No. 1108/1974 of Forest Tribunal, Palakkad is part of vested forest. In O. A. No. 1108/1974, it was ordered to get the said area restored to the petitioner. On such restoration, it is likely to cut and remove the available trees, which will affect soil conversion and moisture retention in the area, the Government have decided to bring the said area specified in the Schedule under the purview of Section 5 of the Kerala Preservation of Trees Act, 1986 (35 of 1986) and thereby to preserve the tree growth in that area.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.12.28 09:22:17 +05:30